# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7864 23.07.2012 -ൽ മറുപടിയ്ക്ക്**

**<u>ആരാധനാലയങ്ങൾക്കെതിരെ അക്രമം</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ ചിറ്റയം ഗോപകുമാർ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| എ) ഈ സർക്കാർ അധികാരമേറ്റശേഷം ആരാധനാലയങ്ങൾക്കുനേരെയുള്ള അക്രമവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ; | (എ) 26 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) ഇത്തരം അതിക്രമങ്ങൾ തടയുന്നതിന് പ്രത്യേകമായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ നടപടിയെടുക്കുമോ ; | (ബി) ആരാധനാലയങ്ങളുടെ പരിസരത്ത് രാത്രി കാലങ്ങളിൽ ശക്തമായ പോലീസ് പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. ആരാധനാലയങ്ങളുടെ കോമ്പോണ്ടിൽ പട്ടാബുക്ക് വെച്ച് പോലീസ് ബീറ്റിന്റെ സാന്നിദ്ധ്യം ഉറപ്പ് വരുത്തി വരുന്നു. |
| സി) ഈ സർക്കാരിന്റെ കാലത്ത് ആരാധനാലയങ്ങളിലെ മോഷണവും /മോഷണശ്രമങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസുകൾ പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് ജില്ല തിരിച്ച് അറിയിക്കുമോ ; | (സി) 335 കേസുകൾ. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ഡി) ഇതിൽ എത്ര കേസുകളിൽ പ്രതികളെ പിടികൂടിയിട്ടുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ? | (ഡി) ഇതിൽ 147 കേസുകളിൽ പ്രതികളെ പിടികൂടിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ജില്ല | ആരാധനാലയങ്ങൾക്കെതിരെയുള്ള അക്രമവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | ആരാധനാലയങ്ങളിലെ മോഷണവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | പ്രതികളെ പിടികൂടിയ കേസുകളുടെ എണ്ണം |
|---|---|---|---|
| തിരുവനന്തപുരം | 0 | 38 | 19 |
| കൊല്ലം | 0 | 45 | 19 |
| പത്തനംതിട്ട | 0 | 14 | 5 |
| ആലപ്പുഴ | 0 | 21 | 5 |
| കോട്ടയം | 0 | 40 | 13 |
| ഇടുക്കി | 0 | 27 | 10 |
| എറണാകുളം | 0 | 24 | 13 |
| തൃശ്ശൂർ | 1 | 34 | 21 |
| പാലക്കാട് | 0 | 17 | 13 |
| മലപ്പുറം | 0 | 22 | 5 |
| കോഴിക്കോട് | 1 | 15 | 4 |
| വയനാട് | 0 | 5 | 3 |
| കണ്ണൂർ | 4 | 27 | 15 |
| കാസർഗോഡ് | 20 | 6 | 2 |
| **ആകെ** | **26** | **335** | **147** |

സെക്ഷൻ ഓഫീസർ